# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.785 13.06.2012 ൽ മറുപടിയ്ക്ക്**

## മുല്ലപ്പെരിയാർ - പുതിയ അണക്കെട്ടെന്ന ആവശ്യത്തിൽ നിന്നുള്ള പിന്മാറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ. പി.ജെ. ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പു മന്ത്രി) |
| (എ) "കേരളത്തിന് സുരക്ഷയും തമിഴ്നാടിന് വെള്ളവും" എന്ന ആശയ ത്തിൽ ഉറച്ചു നിന്നുകൊണ്ടുള്ള പുതിയ അണക്കെട്ട് എന്ന ആവശ്യത്തിൽ നിന്നും, മുല്ലപ്പെരിയാർ അണക്കെട്ടിന് ബലക്ഷയം ഇല്ലെന്ന ഉന്നതാധികാര സമിതിയുടെ കണ്ടെത്തലിന്റെ വെളിച്ച ത്തിൽ, സർക്കാർ പിന്നോട്ട് പോയിട്ടു ണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാ | (എ) യും (ബി) യും<br>ഇല്ല. പുതിയ ഡാമിന്റെ സാധ്യതാ പഠന റിപ്പോർട്ടും വിശദമായ പദ്ധതി റിപ്പോർട്ടും ഇതിനോടകംതന്നെ കേരളം ഉന്നതാധികാര സമിതിക്കും കേന്ദ്ര സർക്കാരിനും സമർപ്പി ച്ചിട്ടുണ്ട്. കൂടാതെ പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന് പ്രഗതി ലാബ്സ് എന്ന ഏജൻസിയെ ചുമതലപ്പെടുത്തി യിട്ടുണ്ട്; ഉന്നതാധികാര സമിതിയുടെ |

ക്കുമോ; ഇല്ലെങ്കിൽ ആയത് നേടിയെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

റിപ്പോർട്ട് ബഹു. സുപ്രീം കോടതിയുടെ ഭരണഘടനാ ബഞ്ചിന്റെ പരിഗണനയിലാണ്.

**(ബി) അണക്കെട്ടിന്റെ ബലക്ഷയം സുപ്രീം കോടതിയെ ബോദ്ധ്യപ്പെടുത്തി, പുതിയ അണക്കെട്ടെന്ന ആവശ്യം നേടിയെടുക്കുന്നതിൽ സർക്കാരിന് എന്തെങ്കിലും പിശക് പറ്റിയതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?**

സെക്ഷൻ ഓഫീസർ